I/554127/2023

**തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**
**(ഹാജർ- തങ്കമണി ജെ.പെൻ- 217382)**

NO TO DRUGS

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനം - അധ്യാപക ജീവനക്കാരുടെ 2023-24 അധ്യയന വർഷത്തെ അന്തർ ജില്ലാ സ്ഥലംമാറ്റം - എച്ച് എസ് ടി ഇംഗ്ലീഷ് അന്തിമ സ്ഥലമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 27.10.2023 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ1/11483/2023/ഡിജിഇ നമ്പർ സർക്കുലർ.
2) അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച സ്ഥലം മാറ്റ അപേക്ഷകൾ.
3) ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ്.
4) 04.12.2023 തീയ്യതിയിലെ ഈ കാര്യാലയത്തിലെ എ3/8665/2023/ഡിഡിഇ നമ്പർ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ്.
5) അധ്യാപകർ സമർപ്പിച്ചിട്ടുള്ള പരാതികൾ.

**ഉത്തരവ് നം. എ(1)/8680/2023/ഡിഡിഇ തീയതി : 19-12-2023**

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ 2023-24 അധ്യയന വർഷത്തെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . ആയതു പ്രകാരം അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പരാമർശം (3) പ്രകാരം ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വെബ് സൈറ്റിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു . തുടർന്ന് 2023-2024 അധ്യയന വർഷത്തിൽ അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പരാമർശം (4) പ്രകാരം താൽക്കാലിക സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായ അപേക്ഷകളും പരാതികളും പരിഗണിച്ച് ചുവടെ ചേർക്കും പ്രകാരം എച്ച് എസ് ടി ഇംഗ്ലീഷ് തസ്തികയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു .

| ക്രമ നമ്പർ | അധ്യാപകന്റെ/അധ്യാപികയുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ & ജില്ല | സ്ഥലമാറ്റം അനുവദിക്കുന്ന സ്കൂൾ | |
|---|---|---|---|---|
| 1 | VIJILA G S | GHSS PUDUPPADI | GGHSS PEROORKKADA | |
| 2 | VARGHESE GEORGE | GHSS POOKKOTTUMPADAM | GGHSS KANYAKULANGARA | |

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോറിറ്റി തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർ ജില്ലാ സ്ഥലം മാറ്റം ഉത്തരവായിട്ടുള്ള അധ്യാപകർ തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപായി മേൽ സൂചിപ്പിച്ച നിബന്ധന അംഗീകരിക്കുന്നതിനായുള്ള സത്യപ്രസ്താവന അധ്യാപകരിൽ നിന്നും ലഭ്യമാക്കി പ്രഥമാധ്യാപകൻ മേലൊപ്പ് വച്ച് സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. 2023-24 വർഷത്തെ വകുപ്പ് തല പൊതു സ്ഥലംമാറ്റത്തിന് വിധേയമായി ഉത്തരവിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

I/554127/2023

<u>**അന്തർ ജില്ലാ സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (1)ലെ നിർദ്ദേശാനുസരണം 02.01.2024നകം നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.**</u> പരാമർ ശം ( 2 ) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുനഃ പരിശോധിക്കുന്നതായിരിക്കും.

<u>അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ 23.08.2012 തീയതിയിലെ സ.ഉ(പി)നമ്പർ 42/2012/ഉ.ഭ.പ.വ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പുതിയതായി നിരീക്ഷണ കാലയളവ് പൂർത്തിയാക്കേണ്ടതാണ്.</u>

സർവീസിൽ അഞ്ചു വർഷം പൂർത്തീകരിച്ചിട്ടില്ലാത്ത അധ്യാപകർക്ക്23.04.2003-ലെ സ.ഉ.(എം.എസ്)നമ്പർ. 94/2003/പൊ.വി.വ പ്രകാരമുള്ള സ്കൂളുകളിലേക്ക് സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ടി അധ്യാപകർക്ക് തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് തീയതി മുതൽ 5 വർഷത്തേക്ക് ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഹിൽ/റിമോട്ട് സ്കൂളുകളിൽ മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ആയതിനു വിരുദ്ധമായി ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ച് സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ കടുത്ത അച്ചടക്ക നടപടികൾക്ക് വിധേയമാകുന്നതാണ്.

Signed by
Thankamoni J
Date: 19-12-2023 15:20:52

**വിദ്യാഭ്യാസ ഉപഡയറക്ടർ**

സ്വീകർത്താവ് :

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ.
3. ബന്ധപ്പെട്ട പ്രഥമാധ്യാപകർ.
4. ബന്ധപ്പെട്ട അധ്യാപകർ.
5. കരുതൽ ഫയൽ.